ജനാർദ്ദനൻ വാഴുന്ന പാപനാശവും ഗുരുദേവൻ നിദ്രകൊള്ളുന്ന ശിവഗിരിയും വർക്കല യിലാണ്. പ്രകൃതി വരദാനമായി നൽകിയ ഈ വിഭവ സമൃദ്ധി പ്രയോജനപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ ഒന്നര വർഷത്തിനു മുമ്പ് വർക്കലയ്ക്കുവേണ്ടി ഒരു ടൂറിസം മാസ്റ്റർ പ്ലാൻ രൂപം കൊണ്ടെങ്കിലും അത് പിന്നെ വെളിച്ചം കണ്ടില്ല. ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ അതിനെ അട്ടിമറിക്കുകയുണ്ടായി. അത് പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഈ മാസ്റ്റർ പ്ലാൻ ഘട്ടംഘട്ടമായി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരി ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം തന്നെ വർക്കല, കോവളം തുടങ്ങിയ സ്ഥലങ്ങളെ Tourism Destination Centre-ന്റെ പരിധിയിൽ ഉൾപ്പെടുത്തി അതിന്റെ വികസനം സാദ്ധ്യമാക്കുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞിരുന്നു. അതും സാധുതപ്രായമായില്ല. സർക്കാർ ഈ നടപടികൾ ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): കേരളത്തിലെ പ്രധാനപ്പെട്ട ഒരു ടൂറിസം സെന്ററാക്കി വർക്കലയെ വികസിപ്പിച്ചെടുത്തിരി ക്കുകയാണ്. അതിനുവേണ്ടി ടൂറിസം ഡിപ്പാർട്ടുമെന്റ് NATPAC വഴി മാസ്റ്റർ പ്ലാൻ തയ്യാ റാക്കുകയും തദ്ദേശ സ്വയംഭരണ വകുപ്പു സെക്രട്ടറിയെ അതിന്റെ ചെയർമാനായി നിയമി ക്കുകയും ചെയ്തിട്ടുണ്ട്. താഴ്ന്നപ്പറയുന്ന പ്രധാനപ്പെട്ട പദ്ധതികൾ കഴിഞ്ഞ ചുരുങ്ങിയ നാളുകൾക്കുള്ളിൽ നടപ്പിലാക്കിയിട്ടുണ്ട്. വർക്കല പാർക്കിംഗ് സൗകര്യവും ടോയ്‌ലറ്റ് നിർമ്മാണവും 50 ലക്ഷം രൂപ, വർക്കല ഖര-ദ്രാവക മാലിന്യ നിർമ്മാർജ്ജന പദ്ധതിക്ക് 50 ലക്ഷം രൂപ, പൊതുസ്ഥല ശുചീകരണ പദ്ധതി 50 ലക്ഷം രൂപ. വരുന്ന 21-ാം തീയതി 18 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തിയാക്കുന്ന Amenity Centre ഗസ്റ്റ് ഹൗസ് കോംപ്ലക്സിൽ ആരംഭിക്കുകയാണ്. മാസ്റ്റർ പ്ലാനിന്റെ ഡിസ്ക്കഷൻ നാളെ തിരുവനന്തപുരത്ത് നടക്കുകയാണ്. ടി. എസ്. കനാൽ സഞ്ചാരയോഗ്യമാക്കുന്നതിനുവേണ്ടി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റും ടൂറിസം ഡിപ്പാർട്ടുമെന്റും സംയുക്തമായി ഒരു പ്രോജക്ട് ഉണ്ടാക്കി യിട്ടുണ്ട്. വർക്കല പാപനാശം ബീച്ചിൽ 25 ലക്ഷം രൂപ ചെലവഴിച്ച് ഒരു High mask light സ്ഥാപിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാനപ്പെട്ട ഒരു ഹാച്ചറി, Modern hatchery ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലാണ് ആരംഭിച്ചിട്ടുള്ളത്. കാപ്പിൽബോട്ട് ക്ലബ്ബിന്റെ പ്രവർത്തനം ആരംഭിച്ചു. 14 സഫാരി ബോട്ടുകളും 20 ലക്ഷം രൂപയുടെ ഒരു വികസന പ്രവർത്തനവും അവിടെ നടക്കുന്നുണ്ട്. വർക്കല ക്ലിഫ്, പാപനാശം എന്നിവിട ങ്ങളിൽ ഡി.ടി.പി.സി.യുടെ നേതൃത്വത്തിൽ 16 ലക്ഷം രൂപ ചെലവഴിച്ച് സോളാർ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗവുമായും അവിടത്തെ പ്രതിനിധി കളുമായും സംസാരിച്ചുകൊണ്ട് കൂടുതൽ വിപുലമായ പരിപാടികൾക്ക് രൂപം നൽകുന്നതാണ്.

(5) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാൻസർ കെയർ സെന്റർ ആരംഭിക്കണമെന്ന ആവശ്യം

ശ്രീ. കെ. രാധാകൃഷ്ണൻ: തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലയിൽ കാൻസർ രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചു വരുന്നതായിട്ടാണ് കണക്കുകൾ കാണിക്കുന്നത്. ഓരോ ദിവസവും 100 കണക്കിന് രോഗികൾ റീജിയണൽ കാൻസർ സെന്ററിൽ വന്നുകൊണ്ടിരിക്കുകയാണ്. അവർക്ക് ഇവിടെ വരുന്നതിന് വലിയ ഭാരിച്ച ചെലവാണ് വന്നുകൊണ്ടിരിക്കുന്നത്. യാത്രാചെലവിനും അതുപോലെ താമസത്തിനും ചികിത്സയ്ക്കുമായി ഒരുപാട് പൈസ ചെലവാകുന്നുണ്ട്. അതിന് ഒരു പരിഹാരമുണ്ടാ കണമെങ്കിൽ റീജിയണൽ കാൻസർ സെന്ററിന്റെ സഹകരണത്തോടുകൂടി തൃശ്ശൂർ

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു കാൻസർ കെയർ സെന്റർ ആരംഭിക്കുകയാണെങ്കിൽ അവർക്ക് ആശ്വാസമാകും. അതുകൊണ്ട് തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു കാൻസർ കെയർ സെന്റർ ആരംഭിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): 2002-ൽ തൃശ്ശൂരിൽ 437-ഉം പാലക്കാട് 323-ഉം മലപ്പുറം 337-ഉം കാൻസർ രോഗികൾ റീജിയണൽ കാൻസർ സെന്ററിൽ എത്തിച്ചേർന്നിട്ടുണ്ട്. കേരളത്തിലെ ജനങ്ങളിൽ ഒരു ലക്ഷം പേരിൽ 100 മുതൽ 120 വരെ പേർക്ക് എന്ന നിരക്കിൽ പ്രതിവർഷം കാൻസർ രോഗം പിടിപെടുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 20 ലക്ഷം ജനസംഖ്യയുള്ളിടത്ത് 2000 മുതൽ 2500 വരെ കാൻസർ രോഗികൾ ഉണ്ടാകും. സാമ്പത്തികവും ശാരീരികവുമായ വിഷമതകൾ അനുഭവിക്കുന്ന പല രോഗികളും ചികിത്സാ കേന്ദ്രങ്ങളിൽ എത്തുന്നില്ല എന്നതാണ് മേൽപ്പറഞ്ഞ സ്ഥിതിവിവരകണക്കുകൾ സൂചിപ്പിക്കുന്നത്. ആകെയുള്ള കാൻസർ രോഗികളിൽ കുറച്ചുപേർ കോഴിക്കോട് മെഡിക്കൽ കോളേജിലും അമല കാൻസർ സെന്ററിലും പോകുവാൻ ഇടയുണ്ട്. രോഗികൾ റീജിയണൽ കാൻസർ സെന്ററിൽ വരാനുള്ള പ്രധാന കാരണം, ഇവിടെ ഒരു കുടക്കീഴിൽ കാൻസർ ചികിത്സയ്ക്ക് ആവശ്യമായ എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുന്നു എന്നുള്ളതാണ്. ഏത് തരത്തിലുള്ള രോഗമായാലും എല്ലാ തരം കാൻസർ ചികിത്സയും ഇവിടെ ലഭ്യമാണ്. അങ്ങനെയുള്ള കാൻസർ സെന്ററുകൾ മദ്ധ്യകേരളത്തിലും വടക്കൻ കേരളത്തിലും ഉണ്ടാകേണ്ട ആവശ്യകത സർക്കാരിന് ബോദ്ധ്യമായിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാൻസർ ചികിത്സയ്ക്കായി സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നുണ്ട്. അവിടെ Tele-cobalt Therapy Unit ഉടൻതന്നെ ആരംഭിക്കുന്നതാണ്. കൂടാതെ ഓങ്കോളജി വിഭാഗം തുടങ്ങുന്നതിനുവേണ്ടി 1.80 കോടി രൂപയുടെ കേന്ദ്ര സഹായത്തോടെ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി പൂർത്തിയാക്കിക്കഴിഞ്ഞു. സ്തനാർബ്ബുദം കണ്ടുപിടിക്കുന്നതിനുള്ള മാമോഗ്രഫി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. റീജിയണൽ കാൻസർ സെന്ററിന്റെ സഹകരണത്തോടെ ഒരു കാൻസർ കെയർ സെന്റർ തുടങ്ങുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ മുമ്പിലുണ്ട്. പക്ഷേ പുതിയ കാൻസർ കെയർ സെന്റർ തുടങ്ങുന്നതിന് ഏറ്റവും ചുരുങ്ങിയത് 40 കോടി രൂപ ചെലവ് വരും. ആർ.സി.സി.യുടെ പ്രവർത്തന ചെലവ് ഒരു വർഷത്തേയ്ക്ക് 22 കോടി രൂപയാണ്. ഇപ്പോൾ സംസ്ഥാന സർക്കാർ വെറും 3 കോടി രൂപ മാത്രമാണ് ഒരു വർഷം കൊടുക്കുന്നത്. അപ്പോൾ ചെറിയ തോതിൽ യൂസർ ഫീസ് ഏർപ്പെടുത്തിക്കൊണ്ട് താഴ്ന്ന വരുമാനക്കാർക്ക് പോലും ചികിത്സ നൽകാൻ ആർ.സി.സി.ക്ക് കഴിയുന്നില്ല. സൗജന്യ ചികിത്സയ്ക്കുതന്നെ 8 കോടി രൂപ വരുന്നുണ്ട്. അങ്ങ് പറഞ്ഞ നിർദ്ദേശം പെട്ടെന്ന് പ്രാവർത്തികമാക്കാൻ അൽപം പ്രയാസമുണ്ട്. എന്നിരുന്നാലും കാൻസർ രോഗ ചികിത്സയ്ക്ക് ആവശ്യമായ ചെറിയ സൗകര്യം തൃശ്ശൂർ മെഡിക്കൽ കോളേജിൽ നടപ്പിലാക്കാൻ വേണ്ട നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് അറിയിക്കുന്നു.

(6) തൃശ്ശൂർ ജില്ലയിലെ എയിഡഡ് അദ്ധ്യാപകരുടെ നിയമനം

ശ്രീ. ടി. എൻ. പ്രതാപൻ: സർ, സംസ്ഥാനത്തിലെ എയിഡഡ് സ്കൂളുകളിൽ പുതിയതായി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് ഒന്നര വർഷമായിട്ടും ശമ്പളം ലഭിക്കുന്നില്ല. 16-1-2002-ലെ ഉത്തരവു പ്രകാരം സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തിയതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly